# 2010 മാർച്ച് 28
# ഓശാന ഞായർ
# യോഹ 12:12-19

ഫാ. ബർണാർഡ് വലിയവിള

ഈശോയുടെ ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനത്തിന്റെ തിരുനാൾ നാമിന്ന് ആഘോഷിക്കുകയാണ്. ഈശോ തന്റെ ശിഷ്യന്മാരോടൊത്തു നടത്തിയ ദീർഘിച്ച യാത്രയുടെ അവസാനം ആഘോഷപൂർവമാണ് ജറുസലേമിൽ പ്രവേശിച്ചത്. ജറുസലേമിലെ സംഭവങ്ങളുടെ ആരംഭമാണ് ആഘോഷമായ ജറുസലേം പ്രവേശനം. തന്റെ അന്ത്യമാണ് തന്റെ മുമ്പിലുള്ളത് എന്നറിഞ്ഞിട്ടും ഈശോ തന്റെ ദൗത്യത്തിൽ നിന്ന് പിന്മാറുന്നില്ല. മുമ്പൊന്നും ഉണ്ടാകാത്തവിധം ആനന്ദത്തോടും ആവേശത്തോടും ആഹ്ലാദത്തോടും പ്രത്യാശയോടും കൂടിയാണ് ജറുസലേം നിവാസികൾ ക്രിസ്തുവിന് നാടകീയമായ വരവേല്പ് നൽകിയത്. യേശുവിനെ മഹത്വത്തിന്റെ കിരീടമണിഞ്ഞ രാജാവായി പ്രഖ്യാപിക്കുന്ന ജനത്തെയാണ് നാമിവിടെ കാണുന്നത്. അവിടുത്തെ മുമ്പിലും പിമ്പിലും നടന്നിരുന്ന ആയിരക്കണക്കിന് മനഷ്യർ വിളിച്ചുപറഞ്ഞു "ദാവീദിന്റെ പുത്രന് ഓശാന, കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ അത്യുന്നതങ്ങളിൽ ഓശാന." വിശുദ്ധ നഗരത്തിലേക്ക് വന്നിരുന്ന തീർത്ഥാടകരെ അഭിസംബോധന ചെയ്ത് ജറുസലേം നിവാസികൾ ആലപിച്ചിരുന്ന സങ്കീർത്തനത്തിലെ (118:26) ഒരു വാക്യമാണ്, "കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ"എന്നത്. ഈ വാക്യം ആലപിച്ചുകൊണ്ടാണ് ജനം മിശിഹായെ വരവേറ്റത്. ദൈവം ദാവീദിനു നൽകിയ മിശിഹായെ കുറിച്ചുള്ള വാഗ്ദാനം (2 സാമു 7:12-16) ജറുസലേമിലേക്കുള്ള ഈശോയുടെ പ്രവേശനത്തോടുകൂടി പൂർത്തിയാവാൻ പോകുന്നുഎന്ന് ജനം തങ്ങളുടെ പ്രഘോഷണത്തിലൂടെ വിളിച്ചറിയിക്കുന്നു. ഓശാന വിളികളിലൂടെ അന്ന് മുഴങ്ങികേട്ടത് ആകുലതകളാലും അസ്വസ്ഥതകളാലും വീർപ്പുമുട്ടികഴിഞ്ഞിരുന്ന ഒരു ജനതതിയുടെ വിമോചനത്തിനായുള്ള മുറവിളിയായിരുന്നു, രക്ഷയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയായിരുന്നു.

ക്രിസ്തുനാഥന്റെ മഹത്വപൂർണമായ രാജകീയ പ്രവേശനം കുതിരപ്പുറത്തല്ല മറിച്ച് സമാധാനത്തിന്റെയും ശാന്തിയുടെയും വിനയത്തിന്റെയും പ്രതീകമായി വിശേഷിപ്പിക്കുന്ന കഴുതപ്പുറത്തായിരുന്നു. വരാനിരിക്കുന്ന രാജാവായ മിശിഹാ വിനയാന്വിതനായി കഴുതക്കുട്ടിയുടെ പുറത്തുകയറിവരും എന്ന സഖറിയ പ്രവാചകന്റെ വാക്കുകൾ നിറവേറ്റിക്കൊണ്ടാണ് ഈശോ രംഗപ്രവേശനം ചെയ്തത്. സഖറിയാ പ്രവാചകന്റെ വാക്കുകളിലൂടെ പൂർത്തീകരണമായ എളിമയും വിനീതഹൃദയനുമായ മിശിഹായാണ് താനെന്ന് കഴുതപ്പുറത്ത് യാത്രചെയ്ത് അവൻ വെളിപ്പെടുത്തുന്നു. മൃഗങ്ങളിൽതന്നെ പരിഹാസ വിധേയമായ കഴുതയെയാണ് യേശു തന്റെ വിളമ്പരജാഥയുടെ വാഹനമാക്കിയത്. കഴുത എന്ന ജീവി അധ:കൃതയാണ്. വീട്ടുവളപ്പിൽനിന്ന് മാറ്റി കെട്ടപ്പെടുന്ന മൃഗം. ഈ മൃഗത്തെയാണ് യേശു തന്റെ രാജകീയ പ്രവേശനത്തിന് വാഹനമാക്കിയത്.

വിജയശ്രീലാളിതന്റെ വിളമ്പര ജാഥയ്ക്ക് കഴുതക്കുട്ടി വാഹനമാകുന്നു എന്നത് മനസ്സിലാക്കാൻ വിഷമമുള്ള യാഥാർത്ഥ്യമാണ്. എന്നാൽ വചനം പറയുന്നു"കർത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ട്." ഓശാന തിരുന്നാൾ നമുക്കുനൽകുന്ന സുവിശേഷം ഇതാണ്, കർത്താവിന് നിന്നെക്കൊണ്ട് ആവശ്യമുണ്ട്. നീ എത്ര നിസ്സാരനാണെ

ങ്കിലും മറക്കരുത് ദൈവത്തിന് നിന്നെ ആവശ്യമുണ്ട്. ഈ തിരിച്ചറിവിലാണ് നിന്റെ നിസാരതകൾപോലും ഈശ്വരസാന്നിധ്യത്തിന്റെ മാധ്യമങ്ങളായി തീരുന്നത്. ഈ ലോകത്തിലുള്ള ഒരു വ്യക്തിയെയും വസ്തുവിനെയും നീചമെന്നോ, നിന്ദ്യമെന്നോ, നികൃഷ്ടമെന്നോ പറഞ്ഞുതള്ളിക്കളയാനാവില്ല. അതിന് നമുക്ക് അവകാശവുമില്ല. അവയുടെ മഹനീയതയും മാന്യതയും നിശ്ചയിക്കുന്നത് ദൈവമാണ്. ഒരുപക്ഷേ നാം നീചരെന്നും, മോശക്കാരെന്നും പറഞ്ഞുതള്ളിക്കളയുന്നവരായിരിക്കും ദൈവസന്നിധിയിൽ കൂടുതൽ വിലയുള്ളവർ.

തന്റെ ആത്മബലിക്കുള്ള ഒരുക്കമായിട്ടുകൂടിയാണ് ഈശോ ജറുസലേമിലെ മഹനീയമായ വരവേല്പ് സ്വീകരിച്ചത്. ഞായറാഴ്ചത്തെ ഓശാനവിളികൾ വെള്ളിയാഴ്ച ആകുമ്പോൾ തനിക്കെതിരായ മരണവിളികളായി മാറുമെന്ന് ഈശോയ്ക്കറിയാമായിരുന്നു. ഓശാനഞായറാഴ്ച അവിടുന്നു സഞ്ചരിച്ച വഴിനീളെ വസ്ത്രങ്ങളും മരച്ചില്ലകളും വിരിച്ച് അവിടുത്തെ ആദരിച്ചെങ്കിൽ വെള്ളിയാഴ്ച ഉടുവസ്ത്രംപോലും ഉരിഞ്ഞ് തന്നെ അവർ അപമാനിക്കുമെന്നും അവിടുത്തേക്ക് അറിയാമായിരുന്നു. ചുരുക്കത്തിൽ ഈശോയ്ക്ക് ലഭിച്ച വരവേല്പ് കുരിശിലേക്കായിരുന്നു. നമ്മുടെ ജീവിതത്തിലും ഇതു തന്നെ സംഭവിച്ചെന്നിരിക്കാം. നമ്മെ ഇന്ന് ബഹുമാനിക്കുന്നവർ നാളെ അപമാനിച്ചെന്നിരിക്കും. ഇന്ന് സ്വീകരിക്കുന്നവർ നാളെ തള്ളിപ്പറഞ്ഞെന്നിരിക്കും. ആരംഭം രാജകീയം; അന്ത്യം ശോചനീയം. തുടക്കം വർണാഭം; ഒടുക്കം വർണരഹിതം. ജീവിതാവസാനം വരെ ദൈത്തിനുമാത്രം ഓശാന പാടാൻ കഴിയണം. ശാന്തഗംഭീരമായ ശബ്ദം കേൾക്കാൻ കഴിയണം. എല്ലാവർക്കും ഓശാന തിരുന്നാളിന്റെ മംഗളങ്ങൾ നേരുന്നു.

*********************************